# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3346 — 12.12.2014-ൽ മറുപടിയ്ക്ക്

### കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധനസഹായ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധന സഹായ പദ്ധതി (ഗവൺമെന്റ് ഓഫ് ഇന്ത്യാ ഗ്രാന്റ് ഇൻ എയ്ഡ് സ്കീം) പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് ധനസഹായം ലഭിക്കുന്നുണ്ട് എന്നും, പ്രസ്തുത സഹായം ലഭിക്കുന്നവരുടെ മേൽവിലാസം ഉൾപ്പെടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച്, തിരഞ്ഞെടുക്കപ്പെടുന്ന കലാകാരന്മാർക്കാണ് കേന്ദ്ര കലാകാര പെൻഷൻ നൽകി വരുന്നത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന കലാകാരന്മാരുടെ സെലക്ട് ലിസ്റ്റ് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന മുറയ്ക്കാണ്, പ്രസ്തുത പെൻഷന്റെ സംസ്ഥാന വിഹിതം നൽകുന്നത്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര കലാകാര പെൻഷൻ സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള ഉപഭോക്താക്കളുടെ പട്ടിക 2012-13 മുതൽ ലഭ്യമാക്കാത്തതുകൊണ്ട് നിലവിൽ എത്രപേർക്ക് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നുണ്ടെന്ന വിവരം ലഭ്യമല്ല. പ്രസ്തുത പട്ടിക ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധന സഹായ പദ്ധതി പ്രകാരം സംസ്ഥാന വിഹിതം അർഹതപ്പെട്ടവർക്ക് കുടിശ്ശിക സഹിതം നൽകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

<table>
<tr>
<td>(ബി)</td>
<td>പ്രസ്തുത പദ്ധതിക്കായുള്ള സംസ്ഥാന സർക്കാരിന്റെ 2014-2015 വരെയുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;</td>
<td>(ബി)</td>
<td>2014-2015 വരെയുള്ള ബഡ്ജറ്റ് വിഹിതം താഴെപറയും പ്രകാരമാണ്.
<table>
<tr><th>വർഷം</th><th>വകയിരുത്തിയത്</th><th>ചിലവഴിച്ചത്</th></tr>
<tr><td>2007-08</td><td>3 ലക്ഷം</td><td>4,37,000</td></tr>
<tr><td>2008-09</td><td>10 ലക്ഷം</td><td>1,48,678</td></tr>
<tr><td>2009-10</td><td>10 ലക്ഷം</td><td>60,000</td></tr>
<tr><td>2010-11</td><td>20 ലക്ഷം</td><td>8,04,500</td></tr>
<tr><td>2011-12</td><td>20 ലക്ഷം</td><td>2,50,706</td></tr>
<tr><td>2012-13</td><td>ഇല്ല</td><td>ഇല്ല</td></tr>
<tr><td>2013-14</td><td>ഇല്ല</td><td>ഇല്ല</td></tr>
<tr><td>2014-15</td><td>ഇല്ല</td><td>ഇല്ല</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത പദ്ധതിയുടെ ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>2205-00-102-99 Men of Arts and letters in indigent circumstances-Grant in Aid (Government of India Grant -in Aid -Scheme) Plan എന്ന ശീർഷകത്തിലാണ് തുക വകയിരുത്തിയിരുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ